**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4049** **03-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ സജ്ജമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നുണ്ട്. ഹോസ്പിറ്റൽ ബ്ലോക്കിന്റെ മെക്കാനിക്കൽ ഇലക്ട്രിക്കൽ പ്ലംബിംഗ് ജോലികൾക്കായി 23.85 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോസ്പിറ്റിൽ ബ്ലോക്ക് നിർമ്മാണം പൂർത്തിയാകുന്നതോടെ മെഡിക്കൽ കോളേജിൽ ഐ.പി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. കൂടാതെ റസിഡൻഷ്യൽ സൗകര്യങ്ങളുടെ നിർമ്മാണം, കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 06/08/2021-ലെ GO (Rt) No. 1689/2021/H&FWD ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ പ്രവർത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ബി) | നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ പ്രതിദിനം എത്ര ഐ.പി./ ഒ.പി. രോഗികൾ ഉണ്ടെന്ന് അറിയിക്കാമോ? | (ബി) | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി വിഭാഗത്തിൽ പ്രതിദിനം 150-തോളം രോഗികൾ ചികിത്സയ്ക്കായി എത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ